# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വരാപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-ഇ.കെ.എം.(പി3)1481/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 02/11/2024
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരാപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-ഇ.കെ.എം.(പി3)1481/2024 തീയതി: 02/11/2024

## എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷേർളി പീറ്റർ | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2024 | 03-10-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2024 | 03-10-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സന്തോഷ് കുമാർ കെ.വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദു സദാനന്ദൻ., ഓഡിറ്റ് ഓഫീസർ
ശ്രീമതി പുഷ്പ ആർ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബെറ്റ്സി സി. എക്സ്. , സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കൊച്ചുറാണി ജോസഫ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ.അനീഷ് എസ്. | സെക്രട്ടറി | 01-04-2023 | 05-07-2023 |
| ശ്രീ വിനോദ് കുമാർ ഇ. ജി. | സെക്രട്ടറി | 06-07-2023 | 16-03-2024 |
| ശ്രീമതി സന്ധ്യ സി. ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആന്റണി എം.എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 10-07-2023 |
| ശ്രീ.ജോബി ജോസഫ് | അസിസ്റ്റന്റ് സെക്രട്ടറി | 11-07-2023 | 23-08-2023 |
| ശ്രീമതി സന്ധ്യ സി. ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 23-08-2023 | 31-03-2024 |
| ശ്രീ.രാജീവ് ഗോപാൽ | അസി.എൻജിനീയർ | 01-04-2023 | 12-07-2023 |
| ശ്രീ സുഭാഷ് | അസി.എൻജിനീയർ | 13-07-2023 | 18-07-2023 |
| ശ്രീ അരുൺ എം | അസി.എൻജിനീയർ | 19-07-2023 | 31-03-2024 |
| ശ്രീമതി.ശ്വേത ജിത്ത് പി.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമത സുജ ദേവൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ചാന്ദ്നി എസ്.എം. | കൃഷി ഓഫീസർ | 01-04-2023 | 03-03-2024 |
| ശ്രീമതി എൽസ | കൃഷി ഓഫീസർ (ഇൻ ചാർജ്) | 04-03-2024 | 31-03-2024 |
| ഡോ.ഇന്ദു രാമചന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി ലാജി വർക്കി | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ഡോ.ജിൻസി കെ.എസ്, | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ.സെലിൻ ടെൻസി | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.,വരാപ്പുഴ | 01-04-2023 | 31-03-2024 |
| ശ്രീമതി. സ്നേഹ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷാലറ്റ് വി.ജെ. | വി.ഇ.ഒ.വരാപ്പുഴ സർക്കിൾ | 01-04-2023 | 03-05-2023 |
| ശ്രീമതി റമീന കെ എസ് | വി.ഇ.ഒ.വരാപ്പുഴ സർക്കിൾ | 04-05-2023 | 31-03-2024 |
| ശ്രീമതി.ശുഭ വി.നായർ | വി.ഇ.ഒ.പുത്തൻപള്ളി സർക്കിൾ | 01-04-2023 | 14-09-2023 |
| ശ്രീമതി.മിനി എം.ആർ, | വി.ഇ.ഒ.പുത്തൻപള്ളി സർക്കിൾ | 15-09-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക R&P സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയില്ല | 1-1-4 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ പലിശ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ഹഡ്കോ ലോൺ തുക പൂർണ്ണമായി അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ഹരിത കർമസേനയുടെ പ്രവർത്തനം-അവലോകനം | 1-10 |
| 17 | വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല | 1-11 |
| 18 | തെറ്റായ ഉപയോഗ ക്രമം കണക്കാക്കി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു | 1-12 |
| 19 | സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-13 |
| 20 | ബൈലോ രൂപീകരിക്കാതെയും വാടകക്കാരുമായി കരാറിൽ ഏർപ്പെടാതെയും - കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നു | 1-14 |
| 21 | പപ്പൻ സ്മാരക ഇൻഡോർ സ്റ്റേഡിയം - മെംബർഷിപ്പ് ഫീ, യൂസർ ഫീ എന്നിവയുടെ പിരിവിലെ അപാകതകൾ | 1-15 |
| 22 | മഹാത്മാ ഗാന്ധി ഓഡിറ്റോറിയം- വരവ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല-വരവിന്റെ കൃത്യത നിജപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. | 1-16 |
| 23 | ലൈഫ്-ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-17 |
| 24 | വക്കീൽ ഫീസ് നൽകിയത്-ടി.ഡി.എസ്.കുറവു ചെയ്തില്ല | 1-18 |
| 25 | മഴക്കാലപൂർവ്വ ശുചീകരണം-അപാകത 20000/- രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 26 | പപ്പൻ സ്മാരക ഇൻഡോർ സ്റ്റേഡിയം പുനരുദ്ധാരണം- ഡിസ്മാന്റിൽ ചെയ്ത ഇനങ്ങൾ ലേലം ചെയ്തില്ല. | 1-20 |
| 27 | കിഫ്ബിയിൽ നിന്ന് റോഡ് റെസ്റ്റൊറേഷൻ ചാർജ് ലഭിച്ചത് പൂർണ്ണതോതിൽ വിനിയോഗിക്കേണ്ടതാണ്. | 1-21 |
| 28 | പൂർത്തീകരിക്കാത്ത നിക്ഷേപ പ്രവൃത്തികൾ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-22 |
| 29 | എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല | 1-23 |
| 30 | സ്ഥിര നിക്ഷേപത്തിന്റെ തുകയിലും പലിശയിലും അപാകത | 1-24 |

| | | |
|---|---|---|
| 31 | ഹഡ്കോ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക കണക്കിൽ എടുത്തിട്ടില്ല. | 1-25 |
| 32 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കിയ പ്രോജക്ടിലെ അപാകത | 1-26 |
| 33 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-₹16,84,992/-തടസ്സപ്പെടുത്തുന്നു | 1-27 |
| 34 | മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക എന്നിവ വിനിയോഗിച്ചിട്ടില്ല | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചാ (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാക പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **29.06.2** നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **05.07.2024-ാം** ത പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **വരാപ്പുഴ ഗ്രാമ പഞ്ചാ** മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാല ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാ ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പ രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരി ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉ ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്ന ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടു

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരി കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **വരാ പഞ്ചായത്തിന്റെ 2023-24** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം

**സ്ഥലം: കാക്കനാട്**
**തീയതി: 02.11.2024**

**ഡെപ്യൂട്ടി**

## 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)) പ്രകാരം ഉൾ അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉളളതിനാൽ ആയതിന്റെ ക ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റി ചേർത്തിരിക്കുന്ന ന്യൂനതകൾ ഉളളതിനാൽ ആയതിന്റെ കൃത്യത

സാക്ഷ്യപ്പെടുത്തുന്നില്ല.
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equiva
രേഖപ്പെടുത്തിയിരിക്കുന്നത് ₹14,72,422/- യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയ
Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത്
യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു
പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട്
പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആ
മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി
മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി,
സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി
പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ
ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധിക
കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി
ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-1-4 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക R&P സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്ത

നിക്ഷേപ പ്രവൃത്തിക്കായി കെ.എസ്.ഇ.ബിക്കും കെ.ഡബ്ല്യു.എക്കും യഥാക്രമം നൽകി
₹15,45,300/- എന്നിവ R&P സ്റ്റേറ്റ്മെന്റിൽ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല
ജേർണൽ വൗച്ചർ മുഖേന വാർഷിക കണക്കിൽ ഉൾപ്പെടുത്തി ബി-18
നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്.

## 1-1-5 സ്ഥിര നിക്ഷേപങ്ങളുടെ പലിശ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

13.10.2022 തീയതിയിൽ പുതുക്കിയ ₹50,00,000/- (10,00,000x5) സ്ഥിര നിക്ഷേപങ്ങളുടെ പ
നിക്ഷേപത്തോടൊപ്പം കൂട്ടിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ പലിശ
₹3,37,500/- ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-6 ഹഡ്കോ ലോൺ തുക പൂർണ്ണമായി അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ട

ലൈഫ് മിഷൻ പദ്ധതിക്കായി ഹഡ്കോയിൽ നിന്ന് ലഭിച്ച വായ്പ തുക 518492/-രൂപ
അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

വരാപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ്
സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 09.03.2023 ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച്
കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് 16.03.2023 ലെ 2-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായ
അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 08.02.2024 ലെ 1 -ാം നമ്പർ
പ്രകാരം ബജറ്റ് പരിഷ്ക്കരിച്ചിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 2 തീയതി 16.03.2023) | പരിഷ്ക്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1 തീയതി 08.02.2024) |
|---|---|---|
| മുന്നിരുപ്പ് | ₹1,14,87,359/- | ₹1,05,80,916/- |
| വരവ് | ₹30,53,74,000/- | ₹39,51,29,720/- |
| ആകെ വരവ് | ₹31,68,61,359/- | ₹40,57,10,636/- |
| ചെലവ് | ₹31,42,88,500/- | ₹40,40,12,444/- |
| നീക്കിയിരുപ്പ് | ₹25,72,859/- | ₹16,98,192/- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| 01.04.2023 ലെ മുന്നിരിപ്പ് | ₹2,10,44,531/- |
| വരവ് | ₹9,16,15,659/- |
| ആകെ | ₹11,26,60,190/- |
| ചെലവ് | ₹9,01,43,237/- |

| 31.03.2024 ലെ നീക്കിയിരിപ്പ് | ₹2,25,16,953/- |
|---|---|

ഈ പത്രികയിലെ ഗ്രാമ പഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പെയ്മെന്റ് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെ ഗ്രാന്റുകളുടെയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ള

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ് പ്രകാരം വരവ് ₹ | ആകെ ₹ | ചെലവ് ₹ | ചെലവഴിക്കാതെ ലാപ്സായ തുക ₹ | നീക്കിയിരുപ്പ് ₹ | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20511000 (*) | 20511000 | 17629001 (**) | 2881999 | 0 | (* 18 (* 17 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1283000 (*) | 1283000 | 983883 | 299117 | 0 | (* 19 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7685350 | 7685350 | 3915187 | 3770163 | 0 | Ca 49 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5599400 | 5599400 | 2595714 | 3003686 | 0 | Ca 26 |
| ധനകാര്യ കമ്മീഷന്റെ അവാർഡ് (Untied-ബാങ്ക്) (Basic Grant) | 245840 | 3484020 (*) | 3729860 | 2599347 (**) | 0 | 1130485 | (* 88 (* 13 & 28 |
| ധനകാര്യ കമ്മീഷന്റെ അവാർഡ് (Tied-ബാങ്ക്) | 2515612 | 2547000 | 5062612 | 2275664 (*) | 0 | 2786948 | (* 20 |
| 320100105 അവാർഡ് & ഹോണേഴ്സ് – കേന്ദ്ര ഗവൺമെന്റ് | 288681 | 0 | 288681 | 0 | 0 | 288681 | |
| 320100108 ബേസിക് സർവ്വീസ് ടു അർബൻ പുവർ | 535149 | 0 | 535149 | 0 | 0 | 535149 | |
| 320100152 മറ്റ് സ്കീമുകൾ | 700 | 0 | 700 | 0 | 0 | 700 | |
| 320100160 റൂറൽ ഹൗസിങ്ങ് ഫോർ ഓൾ | 480000 | 5600000 | 6080000 | 5900000 | 0 | 180000 | |
| 320100191 നിർമൽ പുരസ്കാരം | 142970 | 0 | 142970 | 0 | 0 | 142970 | |
| 320100192 ഫ്ലഡ് റിലീഫ് ഗ്രാന്റ് | 0 | 100000 | 100000 | 0 | 0 | 100000 | |
| 320100196 ഐ.സി.ഡി.എസ്. | 1675590 | 1564257 | 3239847 | 752426 | 0 | 2487421 | |
| 320100197 ലിറ്ററസി ഗ്രാന്റ് | 3969 | 11305 | 15274 | 10233 | 0 | 5041 | |
| 320100202 ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 2794 | 943680 | 946474 | 932310 | 0 | 14164 | |
| 320100203 ഹെൽത്ത് ഗ്രാന്റ് - ബിൽഡിംഗ് ലെസ്സ് സബ് സെന്റർ | 0 | 2797392 | 2797392 | 0 | 0 | 2797392 | |
| 320100204 ഹെൽത്ത് ഗ്രാന്റ് - വെൽനെസ്സ് സെന്റർ | 1792 | 396316 | 398108 | 383951 | 0 | 14157 | RI |
| 320200304 സ്പെസിഫിക്, | 468198 | 0 | 468198 | 0 | 0 | 468198 | |

| | | | | | | | |
|---|---|---|---|---|---|---|---|
| പർപ്പസ് ഗ്രാന്റ്-സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | | | | | | | |
| 320200305 സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-ഡ്രിങ്കിംഗ് വാട്ടർ സ്കീം | 0 | 379562 | 379562 | 0 | 0 | 379562 | |
| 320200307 എം.എൽ.എ എൽ.എ.ടി ഫണ്ട് | 32 | 0 | 32 | 0 | 0 | 32 | |
| 320200399 സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-അദർ പർപ്പസ് | 722705 | 0 | 722705 | 0 | 0 | 722705 | |
| 320300103 ടോട്ടൽ സാനിട്ടേഷൻ | 922931 | 0 | 922931 | 0 | 0 | 922931 | |
| 320300199 അദർ ഗവ. ഏജൻസീസ് | 480500 | 0 | 480500 | 0 | 0 | 480500 | |
| 320500101 വെൽഫെയർ ബോഡീസ് – ക്യാപിറ്റൽ | 0 | 21479600 | 21479600 | 5669627 | 0 | 15809973 | |
| 320700101 സംയുക്ത പ്രോജക്ട് മുനിസിപ്പൽ കോർപ്പറേഷൻ (ക്യാപിറ്റൽ) | 120000 | 0 | 120000 | 120000 (*) | 0 | 0 | (* C |
| 320700102 സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-മുനിസിപ്പൽ കോർപ്പറേഷൻ | 0 | 767192 | 767192 | 767192 (*) | 0 | 0 | (* C |
| 320700104 സംയുക്ത പ്രോജക്ട് – ബ്ലോക്ക് പഞ്ചായത്ത് (ക്യാപിറ്റൽ) | 1000000 | 0 | 1000000 | 0 | 0 | 1000000 | |
| 320700204 സംയുക്ത പ്രോജക്ട് – ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ) | 20 | 0 | 20 | 20 | 0 | 0 | A Tr R |
| 320700205 സംയുക്ത പ്രോജക്ട് – ജില്ലാ പഞ്ചായത്ത് (റവന്യൂ) | 626700 | 0 | 626700 | 626700 | 0 | 0 | A Tr R |
| 320700402 സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-മുനിസിപ്പൽ കോർപ്പറേഷൻ (റവന്യൂ) | 0 | 776995 | 776995 | 776995 | 0 | 0 | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരി പ്രോജക്കുകള %  |
|---|---|---|---|---|---|---|
| 214 | ₹18,24,69,698 | ₹6,42,88,324 | 80 | 56 | 78 | 37.38% |

### പദ്ധതി നിർവ്വഹണത്തിൽ വിവിധ ഗ്രാന്റിനങ്ങളുടെ വിനിയോഗ വിവരം.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക | ചെലവിന് % |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | ₹20511000 | ₹20511000 | ₹17629001 | ₹2881999 | ₹0 | 85.95% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | ₹1283000 | ₹1283000 | ₹983883 | ₹299117 | ₹0 | 76.69% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | ₹7685350 | ₹7685350 | ₹3915187 | ₹3770163 | ₹0 | 50.94% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | ₹5599400 | ₹5599400 | ₹2595714 | ₹3003686 | ₹0 | 46.36% |
| ധനകാര്യ കമ്മീഷന്റെ അവാർഡ് (Basic Grant) | ₹245840 | ₹3484020 | ₹3729860 | ₹2599347 | 0 | ₹1130485 | 69.69% |
| ധനകാര്യ കമ്മീഷന്റെ അവാർഡ് (Tied) | ₹2515612 | ₹2547000 | ₹5062612 | ₹2275664 | 0 | ₹2786948 | 44.95% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3,78,767 | 8,00,701 | 11,79,468 | 11,79,468 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,51,85,888 | 1,51,85,888 | 1,51,85,888 | 0 |
| **ആകെ** | **3,78,767** | **1,43,85,187** | **1,63,65,356** | **1,63,65,356** | **0** |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 25,97,600 | 220 |
| വിധവാ പെൻഷൻ | 1,14,14,400 | 1368 |
| വാർദ്ധക്യകാല പെൻഷൻ | 2,79,51,800 | 3167 |
| വികലാംഗ പെൻഷൻ | 33,75,800 | 298 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,02,400 | 52 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് 26.09.2024 തീയതിയിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ 3 മണിക്ക് നടത്തു പരിശോധനയിൽ ₹11,066/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വെറ്ററിനറി സർജന് ഇഷ്യൂ ചെയ്തിട്ടുള്ള രസീതുബുക്കുകളിൽ ഗുണഭോക്തൃവിഹിതം രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃവിഹിതം ലഭിച്ച തീ പാലിക്കാതെ കളക്ഷൻ രജിസ്റ്ററിൽ തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു. അ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ കാര്യക്ഷമമാക്കേണ്ടതുമാണ്.

2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കു ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂ ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേ സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക ലഭ്യമാകുന്നില്ല.

4. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ
സ്വീകരിക്കേണ്ടതാണ്.
5. ട്രഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ കാലികമാക്കി സൂക്ഷിക്കുന്നില്ല. ലൈസ
അപേക്ഷകളിൽ മൂലധന നിക്ഷേപം ഉൾപ്പെടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന

## 1-10 ഹരിത കർമസേനയുടെ പ്രവർത്തനം-അവലോകനം

ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്ക്കരണം ഹരിത കർമസേനയിലൂടെയാണ് നട
ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

<u>അടിസ്ഥാന വിവരങ്ങൾ</u>

എറണാകുളം ജില്ലയിൽ ആലങ്ങാട് ബ്ലോക്ക്പഞ്ചായത്തിലുൾപ്പെട്ട 16 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ 8076 വീടുകളും 952 സ്ഥാപനങ്ങളുമാണ് ഇവിടെ നിലവിലുള്ള കർമസേന രൂപീകരിച്ച ആദ്യഘട്ടങ്ങളിൽ ജനങ്ങളുടെ സഹകരണത്തിന്റെ അഭാ പ്രവർത്തനം മന്ദഗതിയിലായിരുന്നെങ്കിലും നിലവിൽ 8076 കുടുംബങ്ങളെ സ്ഥാപനങ്ങളെയും ഹരിത കർമസേനയുടെ പ്രവർത്തനങ്ങളുമായി സഹക കഴിഞ്ഞിട്ടുണ്ട്. ഓരോ വാർഡിൽ നിന്നും 2 അംഗങ്ങൾ വീതം 16 വാർഡുകളിൽ ആ കർമസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്.

<u>മാലിന്യ ശേഖരണ കാര്യക്ഷമത</u>

മാലിന്യ ശേഖരണത്തിനായുള്ള കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും ജനങ്ങളെ അറിയിച്ചുമാണ് മാലിന്യ ശേഖരണം നടത്തി വരുന്നത്.

<u>മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)</u>
<u>അടിസ്ഥാന വിവരങ്ങൾ</u>

പഞ്ചായത്തിൽ നിലവിൽ ഒരു എം സി എഫ് പ്രവർത്തിച്ചുവരുന്നു. എം സി എഫി സൗകര്യം ലഭ്യമാണ്. എംസിഎഫിൽ ടിപ്പിങ്ങ് ഏരിയ, സ്റ്റോറേജ് ഏരിയ, ശുചി സൗകര്യങ്ങൾ ഉണ്ട്. ബെയ്‌ലിംഗ് യൂണിറ്റ് ഉണ്ട്. ഷ്രെഡ്ഡിംഗ് യൂണിറ്റ് നിലവിലില്ല എംസിഎഫുകളാണ് നിലവിലുള്ളത്. മുൻകൂട്ടി തയ്യാറാക്കിയ കലണ്ടർ പ്രകാരം വാർഡു എംസിഎഫിലേക്ക് മാലിന്യങ്ങൾ എത്തിക്കുകയും ഓരോ മാസവും അന്തിമ സംഭരണ നിന്ന് ശേഖരിച്ച മാലിന്യം കരാറിൽ ഏർപ്പെട്ട നോർത്ത്ആംസ് എന്ന സ്ഥാപനം ഇടവേളകളിൽ കൊണ്ടുപോകുന്നുണ്ട്. എംസിഎഫ് ന്റെ ചിത്രം ചുവടെ ചേർക്കുന്നു.




<u>റീസൈക്ലിംഗ്</u>

ഹരിതകർമ്മസേന മുഖേന നിർദ്ദേശങ്ങൾ നൽകുന്നതൊഴിച്ചാൽ പുന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടികളൊന്നും തന്നെ നിലവിൽ സ്വീകരി പാതയോരങ്ങളിലും പൊതുഇടങ്ങളിലും ബിന്നുകൾ സ്ഥാപിക്കുക, സ്വാപ് ഷോപ്പുകൾ സംവിധാനം ഒരുക്കുക എന്നിവയൊന്നും നിലവിൽ ചെയ്തിട്ടില്ല.

<u>കമ്മ്യൂണിറ്റി എൻഗേജ്മെന്റ്</u>

സി.ഡി.എസ്, കുടുംബശ്രീ എന്നീ കൂട്ടായ്മകളിലൂടെ മാലിന്യ സംസ്കരണ രീതിക പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

<u>തൊഴിൽ സൃഷ്ടിക്കൽ</u>

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹ 47,27,620/-വരവ് വന്നിട്ടുണ്ട്. പഞ്ചായത്തിലെ കർമസേനാംഗങ്ങൾക്ക് ശരാശരി ₹10,000.00 പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല. യൂസർ ഫീ നൽകാത്തവർക്ക് നോട്ടീസ് പൊതുയിടങ്ങളിൽ മാലിന്യം തള്ളുന്നവരിൽ നിന്ന് പിഴ ഈടാക്കുന്നുണ്ട്. സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല.

<u>അടിസ്ഥാന സൗകര്യവികസനം</u>

മാലിന്യം നീക്കം ചെയ്യുന്നതിന് ഹരിതകർമ്മ സേനയ്ക്ക് നിലവിൽ സ്വന്തമായി വാഹനം വ്യവസ്ഥയിൽ വാഹനം അനുവദിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് കുടും ഡ്രൈവിംഗ് ലൈസൻസ് പരിശീലനം നൽകി വരുന്നു. ജൈവ മാലിന്യങ്ങൾ സംസ്ക വീടുകളിൽ ബയോകമ്പോസ്റ്റ് ബിന്നുകൾ നൽകുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നവരെ കണ്ടെത്തുന്നതിന് പാതയോ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. യൂസർ ഫീ നൽകാത്തവർക്ക് നോട്ടീസ് നൽകൽ, തള്ളുന്നവരെ കണ്ടെത്തി പിഴ ഈടാക്കൽ എന്നിവ നടപ്പിലാക്കുന്നുണ്ട്.

പരിശീലനവും വികസനവും

ഹരിത കർമസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, സ്മാർട്ട് മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്.

ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

ഹരിത കർമസേനാംഗങ്ങളുടെ പ്രവർത്തനം മീറ്റിങ്ങ് നടത്തി വിലയിരുത്തുന്നുണ്ട്. സ്മാർ മോണിട്ടറിംഗ് സിസ്റ്റം നിലവിൽ പ്രവർത്തന ക്ഷമമമായിട്ടുണ്ട്.

മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാല തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, ബൂട്ട് എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ:

നവകേരളം സൃഷ്ടിക്കുന്നതിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സം എന്നതിനാൽ തന്നെ ഈ രംഗത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം പ്രാധാന്യമുള്ളതാണ്.

1. ഖരമാലിന്യ ശേഖരണം, തരംതിരിക്കൽ, നീക്കം ചെയ്യൽ എന്നിവ ഏകോപിപ്പിക്കു നിലവിലെ എം സി എഫുകളിലെ അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതി സ്വീകരിക്കേണ്ടതാണ്.

2. പാതയോരങ്ങളിലും പൊതു ഇടങ്ങളിലും ബിന്നുകൾ സ്ഥാപിക്കുക, സ്വാപ് ഷോപ്പുക സംവിധാനങ്ങൽ ഒരുക്കുക എന്നീ നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. മാലിന്യ ശേഖരണവും സംസ്കരണവും കാര്യക്ഷമമാക്കുന്നതിന് ഒരു ഉദ്േ മേൽനോട്ടത്തിന് ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

4. മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി വാഹനം വാങ്ങാ ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഡ്രൈവിങ്ങ് പരിശീലനം പൂർത്തിയാക്കി അംഗങ്ങ വാഹനത്തിന്റെ ഡ്രൈവറായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന ഗ്രാമ പഞ്ചായത്തിലെ 16 വാർഡ് മെമ്പർമാരും ഹരിതകർമ്മ സേനാംഗങ്ങളും ഒ പ്രവർത്തിച്ചാൽ മാത്രമേ ഈ വിഷയത്തിൽ ആശാവഹമായ മാറ്റം കൈവരിച്ച് മാലിന ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കാനാവൂ. പഞ്ചായത്ത് ഭരണസമിതിയും ഉദ്േ ആവശ്യമായ എല്ലാ സഹകരണവും പ്രോൽസാഹനവും നൽകുന്നതിന് മുൻകൈ എടുക്ക

## 1-11 വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

1. സ.ഉ (കൈ) നം.77/2023/LSGD തീ.22.03.2023, പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പ്രാബല്യത്തിൽ വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വരാപ്പുഴ പഞ്ചായത്തിൽ വസ്തുനികുതി നിരക്ക് നിശ്ചയിക്കുന്നതിനായി 30.06.2023 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി (1)-ാം നമ്പ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും, വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയതായി പാർപ്പിടാവശ്യം, പാർപ്പിടേതരാവശ്യം തുടങ്ങിയ എല്ലാവിധ ഉപയോഗക്രമങ്ങളിലും വ നിർണ്ണയത്തിന്, അടിസ്ഥാന വസ്തുനികുതി നിരക്കായിട്ടെടുത്ത് നികുതിപരിഷ്കരണത്തിന് മുൻപുള്ള നിരക്കുകൾ തന്നെയാണ്. ഇപ്രകാരം പഴയ വസ്തുനികുതി നിർണ്ണയിച്ചതിന് ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് | കെട്ടിട നം. | ഉപയോഗം/ പഴയ നിരക്ക് | പുതിയ നിരക്ക് | നിർണ്ണയിച്ച തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | ഷിബു ജോസഫ്, കുന്നനാട്ട് | 14/978 എ | പാർപ്പിടാവശ്യം 6/- | 7/- | 28.04.2023 |
| 2. | ലിസാമ്മ പി.ജെ., തൈപ്പറമ്പിൽ | 7/136 ബി | പാർപ്പിടാവശ്യം 6/- | 7/- | 06.03.2024 |
| 3. | ആനീസ് ജോസഫ്, കുരിശിങ്കൽ | 14/409 A | വാണിജ്യാവശ്യം 30/- | 40/- | 23.07.2023 |

മേൽ സൂചിപ്പിച്ചിരിക്കുന്ന ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വ (പാർപ്പിടാവശ്യം & പാർപ്പിടേതരം) പുതിയ നിരക്കിൽ പുനർനിർണ്ണയിച്ച് കുറവ് ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

2. കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ചുമത്തേ നം.77/2023/LSGD തീ.22.03.2023, പ്രകാരം നിയമഭേദഗതി വന്നിട്ടുള്ളതിനാൽ പ്രസ്തുത കെ വിവരശേഖരണം നടത്തേണ്ടതാണ്. എന്നാൽ വിവര ശേഖരണം നടത്തിയിട്ടില്ല. അ തുടർനടപടി അറിയിക്കേണ്ടതാണ്.

3. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് തീർപ്പാക്കുന്ന സ്വയംഭരണ സ്ഥാപനതലത്തിൽ അപ്പീൽസമിതികൾ രൂപീകരിച്ചതിന്റെ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി (02/27.09.2024) നൽകിയെങ്കിലും മറുപടി ലഭ്യ ആയതിനാൽ, വസ്തുനികുതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രകാരം തുടർ സ്വീകരിക്കേണ്ടതാണ്.

1) 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി (പാർപ്പിടാവശ്യം & പാർപ്പിടേതരം) പുതുക്കി കുറവ് വന്ന തുക ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

2) കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തു തുടർനടപടി സ്വീകരിക്കേണ്ടതാണ്.

3) വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് അപ്പീൽ സമിതി രൂപീകരിച്ചതിന്റെ ലഭ്യമാക്കേണ്ടതാണ്.

## 1-12 തെറ്റായ ഉപയോഗ ക്രമം കണക്കാക്കി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു

സഞ്ചയസോഫ്റ്റ് വെയർ മുഖേന വസ്തുനികുതി പരിശോധിച്ചതു പ്രകാരം ചുവടെ സ്ഥാപനങ്ങളുടെ ഉപയോഗക്രമം "ബങ്ക്" എന്ന് തെറ്റായി രേഖപ്പെടുത്തി, വസ്തുനികുതി ഈടാക്കിയിരിക്കുന്നതായി കാണുന്നു. യഥാർത്ഥത്തിൽ ബാങ്കുകളിൽ വാണിജ്യസ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കായ ചതുരശ്ര മീറ്ററിന് 50/- രൂപ നിരക്കി നിർണ്ണയിച്ച് ഈടാക്കേണ്ടതായിരുന്നു. പകരം "ബങ്ക്" എന്ന ഉപയോഗക്രമത്തിലുള്ള തെറ്റ നിരക്കാണ് ഈടാക്കിയിരിക്കുന്നത്. പ്രസ്തുത നിരക്കിൽ നികുതി നിർണ്ണയിച്ച് ഈട സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/ സ്ഥാപനം | ഉപയോഗക്രമം | വസ്തുനികുതി നിരക്ക് ₹ | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ചതുരശ്ര മീറ്റർ) |
|---|---|---|---|---|---|
| 1 | 14/246 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക് | ബങ്ക് | 30.00 | 23.25 |
| 2 | 14/247 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക് | ബങ്ക് | 30.00 | 39.03 |
| 3 | 14/253 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക് | ബങ്ക് | 30.00 | 29.73 |
| 4 | 14/257 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക് | ബങ്ക് | 30.00 | 39.03 |
| 5 | 14/260 | സെക്രട്ടറി, സർവ്വീസ് | ബങ്ക് | 30.00 | 99.53 |

| | | | | | |
|---|---|---|---|---|---|
| | | സഹകരണ ബാങ്ക് | | | |
| 6 | 14/262 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക് | ബങ്ക് | 30.00 | 33.25 |
| 7 | 14/263 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക് | ബങ്ക് | 30.00 | 778.25 |
| 8 | 14/19 | ജോണി പോൾ | ബങ്ക് | 30.00 | 118.8 |
| 9 | 14/157 | റോയ് മാത്യു | ബങ്ക് | 30.00 | 68.37 |

ഇതിനോടനുബന്ധിച്ച് ഓഡിറ്റ് എൻക്വയറി(20/03.10.24) നൽകിയെങ്കിലും മറുപടി ലഭ്യ മേൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ ശരിയായ ഉപയോഗക്രമം ഏതെന്ന് പ ഉൾപ്പെടുന്ന ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി, പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-13 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി

1. തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അപേക്ഷക പരിശോധിച്ചതിൻ പ്രകാരം ചുവടെചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങൾ ലഭ്യമാക്കിയിട്ടുള്ള ലൈസൻസ് അപേക്ഷക രണ്ടോ അതിലധികമോ ജീവനക്കാർ ഈ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നുണ്ട്.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് നം. | അർദ്ധവർഷം |
|---|---|---|---|
| 1 | നീരജ ആക്റ്റിവിറ്റി ഗ്രൂപ്പ് | 5048/24 | I & II |
| 2 | വരാപ്പുഴ ഈ മാർക്കറ്റ് | 4859/24 | I & II |
| 3 | കാലിബർ ഹോസ്പിറ്റാലിറ്റി സൊല്യൂഷൻസ് പ്രൈവറ്റ് ലി. | 2759/24 | I & II |
| 4 | ജെ.സി.ജെ. ഓട്ടോഗ്യാരേജ് | 2757/24 | I & II |
| 5 | കൈരളി ഫുഡ്സ് | 2698/24 | I & II |
| 6 | കോട്ടക്കൽ ആര്യവൈദ്യശാല | 2523/24 | I & II |
| 7 | സായ് മോട്ടോർസ് | 2578/24 | I & II |
| 8 | ഹോട്ടൽ മലബാർ കിച്ചൻ | 2473/24 | I & II |
| 9 | രാഹുൽ എന്റർപ്രൈസസ് | 2462/24 | I & II |
| 10 | മരിയ ട്രേഡിംഗ് കമ്പനി | 2219/24 | I & II |
| 11 | അനുഗ്രഹ മെഡിക്കൽസ് | 2250/24 | I & II |
| 12 | ഓസോൺ നെറ്റ് വർക്ക് | 2175/24 | I & II |
| 13 | ബെസ്റ്റ് ബേക്കേഴ്സ് | 2116/24 | I & II |
| 14 | ഹോട്ടൽ ഇലാഹിയ | 598/24 | I & II |
| 15 | ലൈം ടീ | 7073/24 | I & II |
| 16 | ഡിയോഡാറ്റ് | 6751/24 | I & II |
| 17 | നീതു എഞ്ചിനീയറിംഗ് വർക്ക് | 6470/24 | I & II |
| 18 | ന്യൂ അരോമ | 6249/24 | I & II |
| 19 | ഏയ്ഞ്ചലിക്ക ടൈൽസ് | 6231/24 | I & II |
| 20 | ലക്ഷ്മി ഫിഷറീസ് | 6001/24 | I & II |
| 21 | ടെക്നോ സ്റ്റാർ | 5902/24 | I & II |
| 22 | അന്ന വുഡ് ഇൻഡസ്ട്രീസ് | 5831/24 | I & II |
| 23 | ആഞ്ചലോസ് എന്റർപ്രൈസസ് | 7793/24 | I & II |
| 24 | ജനത മെഡിക്കൽസ് | 4801/24 | I & II |
| 25 | യുണൈറ്റഡ് ഇൻഷുറൻസ് | 6631/24 | I & II |
| 26 | നീതി മെഡിക്കൽ സ്റ്റോർ | 3318/24 | I & II |
| 27 | സഹകരണ മെഡിക്കൽ സ്റ്റോർ | 3317/24 | I & II |
| 28 | മിനി ഫർണീച്ചർ മാർട്ട് | 3269/24 | I & II |
| 29 | ജെ &പി കമ്പനി | 943/24 | I & II |
| 30 | മൗലി ആയുർവേദ വെൽനസ്സ് പഞ്ചകർമ്മ & യോഗ | 866/24 | I & II |

| | | | |
|---|---|---|---|
| 31 | ജോസ് വെൽനസ് & ഗ്രോസറി മാർട്ട് | 860/24 | I & II |
| 32 | എസ്.എച്ച്. ഇന്റീരിയൻസ് | 3037/24 | I & II |
| 33 | വരാപ്പുഴ മെഡിക്കൽ സെന്റർ | 697/24 | I & II |

മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുത ചെയ്ത്, ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന ‹ ക്ഷീരസഹകരണ സംഘങ്ങൾ, റേഷൻ കടകൾ എന്നിവരുടെ തൊഴിൽനികുതി 2023-24 സ വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്ക് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകളോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശേ ലഭ്യമാക്കേണ്ടതാണ്.

## <u>1-14 ബൈലോ രൂപീകരിക്കാതെയും വാടകക്കാരുമായി കരാറിൽ ഏർപ്പെടാ കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നു</u>

1. ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് രൂപീകരിച്ചിട്ടില്ല.

2. താഴെപ്പറയുന്ന വാടകക്കാരുമായി കരാറിൽ ഏർപ്പെടാതെ 2023-24 സാമ്പത്തി കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നം. | പ്രതിമാസ വാടക |
|---|---|---|---|
| 1. | ബിനു ഇ.ജെ., അമ്പലത്തിങ്കൽ, എൽസൺ വർഗീസ്, മണവാളൻ | 14/491 | 12390.00 |
| 3. | സി.ജെ. വർഗീസ് ഗ്ലാഡിസ്, ചെമ്പോലിൽ | 14/499 | 4956.00 |
| 4. | ടി.ജെ.ബാബു, തൊട്ടിപ്പറമ്പിൽ | 14/498 | 4956.00 |
| 5. | കെ. എസ്. സുപ്രൻ, കണ്ടലി | 14/502 | 2478.00 |
| 6. | എ.ജെ. ബിനു, അമ്പലത്തിങ്കൽ | 14/514 | 2478.00 |
| 7. | ജോസഫ് ചീക്കു, പുത്തൻവീട്ടിൽ | 14/506 | 2478.00 |
| 8. | എയ്ഞ്ചൽ ആന്റണി , ആലപ്പാട്ട് | 14/489 എ | 4534.00 |
| 9. | കെ.എം. അഗസ്റ്റിൻ, കൊള്ളുത്തുംപറമ്പിൽ | 14/491 ബി | 9239.00 |
| 10. | വി.എ. തോംസൺ,വേവുകാട്ട് | 14/491 ഡി | 3916.00 |
| 11. | കെ.പി. അജയഘോഷ്, കുണ്ടകുഴിയിൽ | 14/491 ജി | 4576.00 |
| 12. | ടി.വി. ഷിബു, തൈവളപ്പിൽ | 14/510 | 3728.00 |
| 13. | കെ.കെ. സുപ്രൻ, കണ്ടുള്ളി | 14/491 എ | - |
| 14. | സെക്രട്ടറി, ഉൾനാടൻ മത്സ്യത്തൊഴിലാളി | 14/480എച്ച് | 4553.00 |
| 16. | ഡെയ്സി വിൻസന്റ്, അന്തിക്കാട്ട് | 13/580 എ | 6134.00 |
| 17. | മിനി ദേവസിക്കുട്ടി, അമ്പലത്തിങ്കൽ | 13/580 ജി | 12086.00 |
| 19. | ദുർഗ ആക്റ്റിവിറ്റി ഗ്രൂപ്പ് | 13/580 ജി | 6345.00 |
| 20. | ജോൺസൺ, ഓടത്തക്കൽ | 13/580ജെ | 5164.00 |
| 21. | റീന കൊറയ, മണപ്പുറത്ത് | 13/582 | 3175.00 |
| 22. | തോമസ് ആന്റണി, ഇലഞ്ഞിക്കൽ | 13/584 | 3025.00 |

<u>മാർക്കറ്റ് സ്റ്റാൾ</u>

| ക്രമ നം | വാടകക്കാരന്റെ പേര് | സ്റ്റാൾ നം. | പ്രതിമാസ വാടക |
|---|---|---|---|
| 1. | കെ. എസ്. മായിൻ, കരുവേലി | രേഖപ്പെടുത്തിയിട്ടില്ല | 1509.00 |
| 2. | ബി.കെ. സുധാകരൻ, ഭഗവതിപ്പറമ്പിൽ | രേഖപ്പെടുത്തിയിട്ടില്ല | 1510.00 |

3. കരാറിൽ മാസവാടക, കടമുറി നമ്പർ, സെക്യൂരിറ്റി തുക തുടങ്ങിയ
രേഖപ്പെടുത്തിയിട്ടില്ല.
4. വാടക രജിസ്റ്ററിൽ ഡി.സി.ബി. രേഖപ്പെടുത്തി ഉത്തരവാദിത്തപ്പെട്ട ഉ
സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
മേൽ അപാകതകളോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 1/27.09.2024) മറ
ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ചുള്ള
രൂപീകരിച്ചിട്ടില്ലായെന്ന് അറിയിച്ചു. ബൈലോ രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ
തന്നെ സ്വീകരിക്കേണ്ടതാണ്. വാടക കരാറിൽ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തി ക
സൂക്ഷിക്കുന്നതാണെന്നും വാടക രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്ന
അറിയിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ചുള്ള
രൂപീകരിച്ച് അറിയിക്കേണ്ടതാണ് (2005 ലെ കേരള പഞ്ചായത്ത്രാജ് (വസ്തു ആ
കയ്യൊഴിക്കലും) ചട്ടങ്ങളിലെ, ചട്ടം7(1). കൂടാതെ മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ **എ**
**(ചട്ടം7(2))** ചമയ്ക്കേണ്ടതും, അതിൽ വാടക കെട്ടിട നമ്പർ, മാസവാടക, ആദ്യഗഡു
തീയതി മുതലായ അവശ്യവിവരങ്ങളെല്ലാം രേഖപ്പെടുത്തേണ്ടതുമാണ്. 2024-25 സാമ്പത്ത
കരാറിൽ ഏർപ്പെടാതെ, കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ള വാടകക്കാരുമായ
വേഗം കരാറിൽ ഏർപ്പെട്ട്, ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 പപ്പൻ സ്മാരക ഇൻഡോർ സ്റ്റേഡിയം - മെമ്പർഷിപ്പ് ഫീ, യൂസർ ഫീ എന്നിവയുടെ പിരിവിലെ അപാകതകൾ

1. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പപ്പൻ സ്മാരക ഇൻഡോർ സ്റ്റേഡിയത്തി
രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. ഗ്രാമപഞ്ചായത്ത് കമ്മിറ്റി 27.09.2022-ൽ ചേർന്ന യോഗത്തിൽ സ്റ്റേഡിയത്തിന്റെ മെമ്പർ
പ്രതിമാസം ₹250/- നിരക്കിൽ ഈടാക്കുന്നതിനായി തീരുമാനിച്ചതായി കാണുന്നു. സ്റ്റേഡി
വരവ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷം, പ്രവീൺകുമാർ എന്നയാളിൽ നി
നം.1230107284 പ്രകാരം ₹1500/- ഉം യങ്സ്റ്റേഴ്സ് വരാപ്പുഴയിൽ നിന്നും രസീത് നം. 123010728
എന്നിവ പ്രകാരം യഥാക്രമം ₹1500/-ഉം ₹21,000/- (അരിയർ) ഉം ഈടാക്കിയതായി കാണുന
മേൽ സൂചിപ്പിച്ചിരിക്കുന്ന തുക അടവാക്കിയ തീയതിയോ, ഏത് കാലയളവിലേക്ക്,
വീതമാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.
3. 2023-24 സാമ്പത്തിക വർഷം സ്റ്റേഡിയത്തിന്റെ മെമ്പർഷിപ്പ് ഫീസ് പ്രതിമാസം
നിരക്കിലാണ് ഈടാക്കിയിരിക്കുന്നതെന്ന വിവരം ലഭ്യമാക്കിയില്ല. ടി സാമ്പത്തി
ഈടാക്കിയ നിരക്കിനോടനുബന്ധിച്ചുള്ള കമ്മിറ്റി തീരുമാനം പരിശോധ
ഹാജരാക്കിയില്ല.

3. സ്റ്റേഡിയത്തിന്റെ ഫയൽ പരിശോധിച്ചതിൽ നിന്നും, പഞ്ചായത്ത് സെ
ജെ.സി.1/7569/23 തീയതി 18.04.2024 നമ്പർ കത്ത് മുഖേന മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ്, എ
എന്നയാളെ, വോളിബോൾ പ്രാക്ടീസിന്റെ ഭാഗമായി സ്റ്റേഡിയം ഉപയോഗിച്ചതി
അടവാക്കേണ്ടതിൽ 2,16,000/-അടവാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ള 24,000/-ഉം ജി.എസ്.ട
ഉൾപ്പെടെ 67200/- അടവാക്കേണ്ടതാണെന്നും, അറിയിച്ചിട്ടുള്ളതുമായി കാണുന്നു.
സ്റ്റേഡിയത്തിന്റെ വരവ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷം ₹24,000
വരവുള്ളതായി കാണുന്നുള്ളൂ.

4. സ്റ്റേഡിയത്തിന്റെ നടത്തിപ്പ് സംബന്ധമായ ബൈലോ പരിശോധനയ്ക്കായി ഹാജരാക്ക

മേൽ സൂചിപ്പിച്ച അപാകതകളോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/30.09
ലഭ്യമാക്കിയില്ല. സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ നിലനിൽക്കുന്നതിനാൽ പപ്പ
ഇൻഡോർ സ്റ്റേഡിയത്തിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ വരവ് എ
നിജപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. മുകളിൽ സൂചിപ്പിച്ച അപാകതകൾ (ക്രമ നം. 1 മുത
പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 മഹാത്മാ ഗാന്ധി ഓഡിറ്റോറിയം- വരവ് രജിസ്റ്റർ കാലികമാക്കി സൂക്ഷി വരവിന്റെ കൃത്യത നിജപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

1. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മഹാത്മാഗാന്ധി ഓഡിറ്റോറിയത്തിന്റെ വ
പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി, ഉത്തവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ
സൂക്ഷിക്കുന്നില്ല.

2. ഓഡിറ്റോറിയത്തിന്റെ നടത്തിപ്പ് സംബന്ധമായ കമ്മിറ്റി തീരുമാനം പരിശോധ
ഹാജരാക്കിയില്ല.

3. ഫയൽ പരിശോധിച്ചതിൽ നിന്നും ഓഡിറ്റോറിയത്തിന്റെ നടത്തിപ്പ് സംബന്ധ
ബൈലോ ഉള്ളതായി കാണുന്നു. അന്തിമവിഞ്ജാപനം ചെയ്ത ബൈലോ ഉണ്ടെങ്കി
പരിശോധനയ്ക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

4. ഓഡിറ്റോറിയത്തിന്റെ വരവ് രജിസ്റ്റർ പരിശോധിച്ചതുപ്രകാരം, ഹാൾ ബുക്ക് ചെയ്തി
നിന്നും ₹5000/- ഡെപ്പോസിറ്റ് ഇനത്തിലും ₹15000/-വാടകയിനത്തിലും ഈടാക്കിയി
കാണുന്നു. എന്നാൽ ഹാൾ ബുക്ക് ചെയ്തിട്ടുള്ള എല്ലാവരുടേയും പക്കൽ നിന്ന് ഡെപ്പോ
ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

5. ഹാൾ ബുക്ക് ചെയ്തതിനു ശേഷം , ക്യാൻസൽ ചെയ്യുന്നവരിൽ നിന്നും ക്യാൻസലേഷ
ഈടാക്കുവാൻ കരട് ബൈലോയിൽ പറയുന്നുണ്ടെങ്കിലും , ക്യാൻസലേഷൻ
ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടത
അപാകതകളോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/01.10.24) മറുപടി ലഭ്യ
മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ 2023-24 സാമ്പത്തിക വർഷം മഹാ
ഓഡിറ്റോറിയത്തിൽ നിന്നുമുള്ള വരവ് എത്രയാണെന്ന് നിജപ്പെടുത്തുവാൻ കഴിഞ്ഞിട്ടി
സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാ

## 1-17 ലൈഫ്-ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1. ലൈഫ് മിഷൻ ഭവന പദ്ധതി (എസ്സ്.സി) -തുക തടസ്സപ്പെടുത്തുന്നു ₹80,000/-

| | |
|---|---|
| പ്രൊജക്ട് നമ്പർ | S063/24 |
| പ്രൊജക്ടിന്റെ പേര് | ലൈഫ് മിഷൻ ഭവന പദ്ധതി (എസ്സ്.സി) |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 8,00,00,0/- (എസ്സ്.സി.പി-400000, ബ്ലോക്ക് പഞ്ചായത്ത്-400000) |
| ചെലവ് | 8,00,000/- (എസ്സ്.സി.പി-400000, ബ്ലോക്ക് പഞ്ചായത്ത്-400000) |

മേൽ പ്രോജക്ട് പ്രകാരം 4 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചതിൽ 2 ഗുണഭ
പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 2 ഗുണഭോക്താക്കൾ നാളിതുവരെയും ഭവന
പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | ശ്രീക്കുട്ടൻ.സി.എ (സുമിശ്രീകുട്ടൻ), ചുവന്ന്യാര്യൻ പാട്ടത്ത്, ശാന്തി നഗർ റോഡ്, വരാപ്പുഴ. | 40000/- തീയതി 07.2.23 (മുൻകൂർ)<br>160000/-തീയ്യതി 22.03.23 (ബേസ്മെന്റ്)<br>100000/-തീയതി 22.08.23 (റൂഫ്)<br>ആകെ-300000/- |
| 2 | സരള രാമകൃഷണൻ.സി.എ വെള്ളെപറമ്പിൽ, തുണ്ടത്തുംകടവ്, വരാപ്പുഴ. | 40000/- തീയതി 27.11.23 (മുൻകൂർ) ബിൽ നമ്പർ-176/27.11.2023 |

തുക കൈപ്പറ്റിയ മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന്
നടപടികൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം15/30.09.24) മ
ശ്രീക്കുട്ടൻ.സി.എ(സുമിശ്രീകുട്ടൻ)ന്റെ ഭവന നിർമ്മാണം നടക്കുന്നത്
